## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4052 21.10.2016 ൽ മറുപടിയ്ക്ക്

### വാഹന പരിശോധനയും പിഴ ഈടാക്കലും

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാഹന പരിശോധനയിൽ 2014-15 വർഷം സർക്കാരിനു ലഭിച്ച വരുമാനവും 2015-16 വർഷത്തിൽ ലഭിച്ച വരുമാനവും വ്യക്തമാക്കുമോ; | (എ) | വാഹന പരിശോധനയിൽ 2014-15 വർഷം 40,12,72,631/- രൂപയും, 2015-16 വർഷം 49,57,41,483/- രൂപയും ലഭിച്ചു. |
| (ബി) | ഈ രണ്ടു വർഷവും ടിപ്പർ ലോറികൾ പരിശോധിച്ചതിന്റെ എണ്ണം വെളിപ്പെടുത്തുമോ; എണ്ണത്തിലുള്ള വ്യത്യാസവും ആയതിന്റെ കാരണവും വിശദമാക്കുമോ; | (ബി) | 2014-15-ൽ 30,668 ടിപ്പർ ലോറികൾ പരിശോധിച്ചു. 2015-16-ൽ 31,817 ടിപ്പർ ലോറികൾ പരിശോധിച്ചു. 1,149 ടിപ്പർ ലോറികൾ 2015-16-ൽ അധികം പരിശോധിച്ചു.<br>**കാരണം-** ഓഫീസ് തല പരിശോധനകൾ വർദ്ധിപ്പിച്ചു. വാഹനങ്ങളുടെ വർദ്ധനവും കാരണമാണ്. |
| (സി) | 2014-15 വർഷത്തെ അപേക്ഷിച്ച് 2015-16 വർഷത്തിൽ റോഡപകടങ്ങൾ വർദ്ധിച്ചിട്ടുണ്ടോ; | (സി) | 2014-15-ൽ 37,237 വാഹനാപകടങ്ങളും, 2015-16-ൽ 39,133 വാഹനാപകടങ്ങളും സംസ്ഥാനത്ത് ഉണ്ടായി. 1896 അപകടങ്ങൾ വർദ്ധിച്ചു. |
| (ഡി) | ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വ്യക്തമാക്കുമോ? | (ഡി) | ഏകദേശം 5% വർദ്ധനവ്. |

സെക്ഷൻ ഓഫീസർ